കോഴിക്കോട് ജില്ലയിൽ എൽ.പി. സ്കൂൾ അധ്യാപകരുടെ നിയമനം

81 (7048)ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ എൽ.പി. സ്കൂൾ അധ്യാപകരുടെ നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് ;

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട് ;

(സി) അധ്യാപക വിദ്യാർത്ഥി അനുപാതം 1:45-ൽനിന്ന് 1:30 ആക്കി കുറയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇങ്ങനെ അനുപാതം കുറയ്ക്കുന്നതുമൂലം കോഴിക്കോട് ജില്ലയിൽ എൽ.പി. സ്കൂൾ അധ്യാപകരുടെ എത്ര പുതിയ ഒഴിവുകൾ വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഇ) ഇങ്ങനെയുണ്ടാകുന്ന എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

എൽ.പി.എസ്.എ. ആയി നിയമനം ലഭിച്ച ശ്രീമതി ബിജി പൗലോസിന്റെ നിയമനം

82 (7049) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊരട്ടി ലിറ്റിൽ ഫ്ളവർ കോൺവെന്റ് എൽ.പി. സ്കൂളിലെ എൽ.പി.എസ്.എ.യായി നിയമനം ലഭിച്ച ശ്രീമതി ബിജി പൗലോസിന്റെ നിയമനം അംഗീകരിക്കുന്നത് സംബന്ധിച്ച അപേക്ഷയിൻമേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) നിയമനം അംഗീകരിച്ചിട്ടുണ്ട്.

ഷിഫ്റ്റ് തസ്തികയിൽ നിയമിച്ച 76 എൽ.പി.എസ്.എ-മാർക്ക് ശമ്പളവും നിയമനാധികാരവും ലഭിക്കാത്തത്

83 (7050) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷിഫ്റ്റ് തസ്തികയിൽ നിയമിച്ച 76 എൽ.പി.എസ്.എ.മാർക്ക് 2010 മുതൽ ശമ്പളവും നിയമനാംഗീകാരവും ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly